## ശ്രദ്ധക്ഷണിക്കൽ

### (1) പെൻഷൻ പ്രായം ഉയർത്തുന്നതിലുള്ള ഉത്കണ്ഠ

ശ്രീ. റ്റി. വി. രാജേഷ്: സർ, പെൻഷൻ പ്രായം ഉയർത്തുവാനുള്ള സർക്കാരിന്റെ നീക്കം കേരളത്തിലെ അഭ്യസ്തവിദ്യരായിട്ടുള്ള യുവജന ങ്ങൾക്കിടയിൽ കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. പങ്കാളിത്ത പെൻഷനോടൊപ്പം പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനത്തിന്റെ വളരെ വ്യക്തമായ സൂചനകളും ലക്ഷണങ്ങളും ഇപ്പോൾ പുറത്തുവന്നിരിക്കു കയാണ്. പെൻഷൻ പ്രായം ഉയർത്തൽ, സർക്കാർ അത്തരം ഒരു നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽതന്നെ അഭിപ്രായ പ്പെട്ടിട്ടുണ്ട്. പെൻഷൻ പ്രായം ഉയർത്തൽ സർക്കാർ നയമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി മീറ്റ് ദി പ്രസ് പരിപാടിയിലും മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനും നിരവധിതവണ മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സർക്കാരിന്റെ നീക്കത്തെ സാധൂകരിക്കുന്ന വിധത്തിലുള്ള അഭിപ്രായങ്ങളും ചർച്ചകളുമാണ് ഇപ്പോൾ യു.ഡി.എഫ്. ക്യാമ്പിൽ നിന്ന് വന്നുകൊണ്ടിരി ക്കുന്നത്. പെൻപ്രായം ഉയർത്താനുള്ള മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ മന്ത്രിസഭയുടെ മേശപ്പുറത്താണെന്നത് സംബന്ധിച്ചും വാർത്തകൾ വന്നിട്ടുണ്ട്. ഇപ്പോൾ കാബിനറ്റ് യോഗം ചേരുമ്പോൾ മാധ്യമങ്ങളിൽ പ്രധാന വാർത്തയായി വരുന്നത് പെൻഷൻ പ്രായം ഉയർത്താൻപോകുന്നു എന്നുള്ള താണ്. കേരളത്തിൽ റാങ്ക്ലിസ്റ്റിൽ പേരുള്ള മൂന്നേകാൽ ലക്ഷത്തോളം ഉദ്യോഗാർത്ഥികളുണ്ട്. മന്ത്രിസഭാ യോഗമെന്ന് കേൾക്കുമ്പോൾ ആ ഉദ്യോഗാർത്ഥികളുടെ നെഞ്ചിടിപ്പ് അസാധാരണമാംവിധം വർദ്ധിക്കുകയാണ്.

റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഉറക്കമില്ല. കേരളത്തിലെ റാങ്ക്‌ലിസ്റ്റിൽ പേരുള്ള ഉദ്യോഗാർത്ഥികൾക്ക് ഉറക്കമില്ലാത്ത രാവുകളായി കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണം മാറിക്കഴിഞ്ഞിരിക്കുകയാണ്. പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ സർക്കാരിന്റെ നയമല്ലെന്ന് രേഖാമൂലം കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ മറുപടി നൽകിയിട്ടുള്ള താണ്. ഇവിടെ ശ്രദ്ധക്ഷണിക്കൽ ഉന്നയിച്ചപ്പോൾ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം, പെൻഷൻ പ്രായം ഉയർത്തൽ ഈ സർക്കാരിന്റെ നയമല്ല, പെൻഷൻ പ്രായം ഏകീകരിച്ചതിന്റെ ഭാഗമായി ജീവനക്കാർക്കിടയിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ക്രമീകരിക്കുന്നതിനുവേണ്ടി മാത്രമാണ് പെൻഷൻ പ്രായം 56 ആക്കി ഉയർത്താൻ സർക്കാർ നിർബന്ധിത മായതെന്നാണ്. മാത്രമല്ല പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയ ഘട്ട ത്തിൽ, ഞാൻ ഈ സഭയിൽ കഴിഞ്ഞ മാർച്ച് മാസം 22-ാം തീയതി ശ്രദ്ധ ക്ഷണിക്കലിലൂടെ പെൻഷൻ പ്രായം ഉയർത്തലിന്റെ വിഷയം ഉന്നയിച്ചപ്പോൾ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ള മറുപടി എന്നുപറയുന്നത് അദ്ധ്യാപകരുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ഉടൻ ആലോചിക്കും, ഇതിന്റെ പേരിൽ നടത്തുന്ന സമരത്തിൽ നിന്ന് യുവജന സംഘടനകൾ പിൻമാറണം, യുവജനങ്ങളുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ പാക്കേജ് കൊണ്ടുവരുന്നതോടൊപ്പം പ്രായോഗികമായ നിർദ്ദേശവും സ്വീകരിക്കും എന്നാണ്. ഇപ്പോൾ ഇവിടെ പെൻഷൻ പ്രായം 56 ആക്കി ഉയർത്തി. എവിടെ യുവജനങ്ങളുടെ പാക്കേജ്? ഇവിടെ സ്വയം സംരംഭക മിഷൻ വെറും വാഗ്ദാന മിഷനായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ നിയമസഭയിൽതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ

കാര്യം, ഒന്നര വർഷംകൊണ്ട് യുവജന സംരംഭക മിഷൻ വഴി 22 സംരംഭങ്ങൾക്ക് തത്വത്തിൽ അനുമതി കൊടുത്തിട്ടുണ്ട് എന്നാണ്. എത്രപേർക്ക് യുവജന സംരംഭക മിഷൻ വഴി തൊഴിൽ കൊടുക്കാൻ കഴിഞ്ഞു. നിലവിൽ 507 സ്റ്റേറ്റ് ലിസ്റ്റിലായി 80244 പേരും 1454 ജില്ലാ ലിസ്റ്റുകളിലായി രണ്ട് ലക്ഷത്തിലധികം പേരുകാർ ഉൾപ്പെടെ 316863 പേർ കേരളത്തിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിയമനം കാത്ത് നിൽക്കുന്നുണ്ട്. കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസ സാന്ദ്രതയും അഭിരുചിക്കും വൈദഗ്ദ്ധ്യത്തിനും അനുസൃതമായ തൊഴിലിന്റെ അഭാവവും നിലവിൽ കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നമാണ്. നാല് വർഷം മുൻപ് അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ട സാമ്പത്തിക പ്രതിസന്ധി ഐ.ടി. മേഖലയിൽ ഗൗരവമായ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നു. അവിടെ അവസരങ്ങൾ നിഷേധിക്കുകയാണ്. പി.എസ്.സി. അപേക്ഷയിൽ കഴിഞ്ഞ 3 വർഷമായി വലിയ വർദ്ധനവാണുണ്ടായിരിക്കുന്നത്. സർക്കാർ മേഖലയിൽ യുവജനങ്ങളുടെ ആഭിമുഖ്യം വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. 921 കാറ്റഗറികളിലായി 72 ലക്ഷം അപേക്ഷകൾ പി.എസ്.സി. ഓഫീസുകളിൽ പ്രോസസിലാണ്. ഇത്രയും അപേക്ഷകൾ കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും കാണില്ല. കേരളത്തിന്റെ തൊഴിലില്ലായ്മ അത്രമാത്രം ഗുരുതരവും സ്ഫോടനാത്മകവുമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇവിടെ നിയമന നിരോധനം വരാൻപോകുന്നവെന്ന സർക്കാരിന്റെ ഒരു ഉത്തരവ് വന്നിട്ടുണ്ട്. കഴിഞ്ഞ 8/2/2012- ൽ ഇറങ്ങിയ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് ഇങ്ങനെയാണ്, the Chief Secretary is assigned the task for

preparing and submitting to the Council of Ministers a comprehensive report on the surplus posts in Government Departments. When new posts are required to be created in future, such requirement shall met from this surplus pool. Pool may be redesigned if required. കേരളത്തിൽ നിയമന നിരോധനം വരാൻ പോകുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് ഇതിൽ കാണിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചതിന്റെ പേരിൽ യുവതലമുറയുടെ ജീവിതാഭിലാഷങ്ങൾ ബലി നൽകണമെന്ന് പറയുന്നത് സുതാര്യതയിൽ ഊറ്റം കൊള്ളുന്ന ഒരു സർക്കാരിന് ഭൂഷണമല്ല. രാജ്യത്തിന്റെ സംഘടിതമേഖലയിൽ തൊഴിലവസരങ്ങൾ കുറയുകയാണ്. റെയിൽവേ, ബാങ്കിംഗ് മേഖലയിൽ ഔട്ട് സോഴ്സിംഗ് ആണ്. ഇവിടെ ഉദ്യോഗാർത്ഥികൾ തൊഴിലിനുവേണ്ടി നെട്ടോട്ടം ഓടുകയാണ്. അത്തരം ഒരു സാഹചര്യത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് യുവജനങ്ങൾക്ക് ഇടിത്തീയായി മാറും. യുവജനങ്ങളെ അരക്ഷിതാവസ്ഥയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും തള്ളിവിടരുത്. ഇവിടെ യൂത്ത് കോൺഗ്രസ്സും, യൂത്ത് ലീഗും, ഡി.വൈ.എഫ്.ഐ.യും യുവമോർച്ചയും ഈ കാര്യത്തിൽ ഒറ്റക്കെട്ടാണ്. 55 വയസ്സ് കഴിഞ്ഞവരേക്കാൾ ഉത്കണ്ഠ ഉണ്ടാകേണ്ടത് 25 വയസ്സുകാരുടെ കാര്യത്തിലാണ്. ഈ സഭയിൽ നൽകിയ ഉറപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. റ്റി. വി. രാജേഷ് ഇല്ലാത്ത ഒരു തീരുമാനത്തിന്റെ പേരിൽ ഒരു ആശങ്ക പടർത്താൻ വേണ്ടിയാണ് ശ്രമിക്കുന്നത്. ശ്രീ. റ്റി. വി. രാജേഷ്, യാഥാർത്ഥ്യങ്ങൾ

അറിയുന്ന കേരളത്തിലെ ചെറുപ്പക്കാരുടെ മുൻപിൽ ഇത് വിലപ്പോവുക യില്ല. അങ്ങ് ഇവിടെ അവസാനമായി പറഞ്ഞത് നിയമന നിരോധനം വന്നിരി ക്കുന്നു എന്നാണ്. ഈ ഗവൺമെന്റ് വന്നതിന് ശേഷം മുമ്പൊരുകാലത്തും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ, പതിമൂവായിരത്തിലധികം പുതിയ തസ്തിക കൾ സൃഷ്ടിച്ചിട്ടുണ്ട്. അത് മുഖ്യമായും പോലീസിലും ആരോഗ്യ മേഖലയി ലുമാണ്. കാരണം നമ്മുക്ക് ഏറ്റവും പ്രധാനപ്പെട്ട രണ്ട് മേഖലയിൽ അധികം ജീവനക്കാർ വേണം എന്ന് കണ്ടെത്തി ചെയ്തിട്ടുള്ളതാണ്. നിയമന നിരോധനം എന്ന് പറഞ്ഞാൽ നിലവിലുള്ള അംഗസംഖ്യ കുറയ്ക്കുക എന്നു ള്ളതാണ്. എന്നാൽ ഇവിടെ പതിമൂവായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് ജോലി നൽകിയിട്ടുള്ളത് ഈ ഗവൺമെന്റ് വന്നതിന് ശേഷമുള്ള കഴിഞ്ഞ ഒരു വർഷക്കാലത്താണ്. വികലാംഗരുടെ പെൻഡിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് മുഴുവൻ ഡിപ്പാർട്ട്മെന്റുകളിലെയും സെക്രട്ടറി മാരെ ദർബാർ ഹാളിൽ വിളിച്ചു വരുത്തി പി.എസ്.സിയും സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റും കൂടി പരിശോധിച്ച് 1158 പോസ്റ്റുകൾ ഒന്നിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ നാല് കൊല്ലമായി പെൻഡിംഗ് ആയിരുന്നതാണ്. അവർ ഈ മാർച്ച് 31-ന് മുമ്പ് ജോയിൻ ചെയ്യാൻ പോവു കയാണ്. ബന്ധുക്കൾ മരിച്ചതിന് ശേഷം ഏഴും എട്ടും ഒൻപതും വർഷങ്ങൾ കഴിഞ്ഞിട്ടും ഡൈ-ഇൻ-ഹാർനെസ്സ് പ്രകാരം ജോലി കിട്ടാതെ നിന്ന വർക്കായി അഞ്ഞൂറിലധികം സൂപ്പർന്യൂമററി പോസ്റ്റുകൾ സൃഷ്ടിച്ച് നിയന ഉത്തരവ് കൊടുത്തു. അദ്ധ്യാപക പാക്കേജ് ചരിത്ര സംഭവമല്ലേ? 1053 പോസ്റ്റുകൾ പുതിയതായി അനുവദിക്കേണ്ടി വന്നു. ഇത്രയധികം

കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിൽ നിയമന നിരോധനം ഉണ്ട് എന്ന് പറഞ്ഞാൽ ആര് വിശ്വസിക്കും? പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നയം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടേയില്ല. ഇന്നത്തെ സാഹചര്യത്തിൽ, ആയുർദൈർഘ്യം വളരെയധികം വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിൽ മാത്രം പെൻഷൻ പ്രായം 55 വയസ്സാക്കിയിരിക്കുന്നത് ശരിയാണോ എന്ന ചോദ്യചിഹ്നം ഉയർന്നിട്ടുണ്ട്. പക്ഷെ, ഇവിടുത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ മുഖത്ത് നോക്കുമ്പോൾ അതിന് ഒരു മറുപടിയില്ല. പെൻഷൻ പ്രായം 55 എന്നത് 56 ആയതു തന്നെ, വിരമിക്കൽ തീയതി ഏകീകരിച്ചതിന്റെ ഫലമായുണ്ടായ ഭവിഷ്യത്തുകളും അതിനെത്തുടർന്ന് ഡിപ്പാർട്ടുമെന്റിനുണ്ടായ ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ടാണ് നമ്മൾ തീരുമാനമെടുത്തത്. ആ തീരുമാനമെടുത്തപ്പോഴും അതുമൂലം ഒരാൾക്കുപോലും ജോലി നഷ്ടപ്പെടരുത് എന്ന നിർബന്ധമുണ്ടായിരുന്നതുകൊണ്ടാണ്, സൂപ്പർ ന്യൂമററി പോസ്റ്റുകൾ സൃഷ്ടിക്കേണ്ടിടത്ത് സൂപ്പർ ന്യൂമററി പോസ്റ്റുകൾ സൃഷ്ടിച്ചത്. അദ്ധ്യാപക രംഗത്ത് പ്രത്യേകമായൊരു പ്രശ്നമുണ്ട്. അവർ മാർച്ച് 31 നാണ് ഒരുമിച്ച് റിട്ടയർ ചെയ്യുന്നത്. അതുകൊണ്ട് അദ്ധ്യാപകരുമായി ബന്ധപ്പെട്ടിട്ടുള്ളതുൾപ്പെടെ എല്ലാ പി.എസ്.സി ലിസ്റ്റുകളും നീട്ടാനായി നിർദ്ദേശം കൊടുത്തു. പി.എസ്.സി അനുകൂലമായി പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. പി.എസ്.സി-യിൽ അപേക്ഷകൾ കുന്നുകൂടി കിടക്കുന്നുവെന്ന് പറഞ്ഞു. കഴിഞ്ഞ ദിവസത്തെ ക്യാബിനറ്റിൽ, പി.എസ്.സി ചോദിച്ചതനുസരിച്ച് അവർക്ക് 30 പോസ്റ്റുകൾ അഡീഷണലായി അനുവദിച്ചു കൊടുത്തു. കൂടുതൽ കാര്യക്ഷമതയോടുകൂടി പി.എസ്.സി പ്രവർത്തിക്കണമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്.

അതുകൊണ്ട് ചെറുപ്പക്കാരുടെ ഇടയിൽ ഒരാശങ്കയ്ക്കും ഇടയില്ല, പെൻഷൻ പ്രായം കൂട്ടുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടേയില്ല. അതുസംബന്ധിച്ചുള്ള പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണ്. ഏതെങ്കിലും സാഹചര്യത്തിൽ അതിന് വ്യത്യസ്തമായൊരു തീരുമാനം എടുക്കേണ്ട സ്ഥിതി വന്നൽ അത് ഇവിടുത്തെ യുവജനസംഘടനകളെ, ശ്രീ.രാജേഷുൾപ്പെടെയുള്ളവരെ വിളിച്ച് ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു തീരുമാനവുമായി മുൻപോട്ട് പോവുകയില്ല എന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്. ഈ ആശങ്ക പരത്താൻ നിങ്ങൾ ശ്രമിക്കരുതെന്ന് മാത്രമാണ് പറയാനുള്ളത്.

ശ്രീ. റ്റി.വി. രാജേഷ്: സർ, നിയമന നിരോധനം സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കാൻ പോകുന്നുവെന്നാണ് പറഞ്ഞത്. ഫിനാൻസ് വകുപ്പിന്റെ ഓർഡർ എന്റെ കൈവശമുണ്ട്, ഞാൻ മേശപ്പുറത്ത് വയ്ക്കാം.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, മേശപ്പുറത്ത് വയ്ക്കണമെങ്കിൽ ചെയറിന്റെ അനുവാദം വേണം, ചെയർ അനുവദിച്ചിട്ടില്ല.

ശ്രീ. റ്റി.വി. രാജേഷ്: സർ, ഇവിടെ നിയമന നിരോധനമില്ലെന്നു പറഞ്ഞു. കെ.എസ്.ഇ.ബി.യിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി 2500-ൽ അധികം ഓവർസിയർ തസ്തികകൾ വെട്ടിച്ചുരുക്കാനുള്ള നടപടി സ്വീകരിക്കുന്ന ഫയൽ സർക്കാരിന്റെ മുന്നിലുണ്ട്. നിയമനനിരോധനമില്ലെങ്കിൽ ഈ ഫയൽ റിജക്റ്റ് ചെയ്യാൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യുച്ഛക്തി മന്ത്രിക്ക് നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ ഇവിടെ പറഞ്ഞത് ആധികാരികമായിട്ടാണ്. ഈ ഗവൺമെന്റ് വന്നതിന് ശേഷം 13,000-ത്തിൽ

അധികം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റിലും കമ്പ്യൂട്ട റൈസേഷനും മറ്റ് സംവിധാനങ്ങളും വരുന്ന സാഹചര്യത്തിൽ അവരുടെ വർക്കുകൾ ക്രമീകരിക്കേണ്ടി വരും. അപ്പോൾ ചില സെക്ഷനുകളിൽ കൂടുതൽ ആളുകളെ വേണ്ടി വരും. ചില സെക്ഷനുകളിൽ ആളുകൾ കുറഞ്ഞെന്നു വരും. അതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും കൊടുത്തിട്ടുണ്ട്. പക്ഷെ, മൊത്തത്തിൽ നോക്കുമ്പോൾ നിയമന നിരോധനം ഗവൺമെന്റിന്റെ നയമല്ല. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന തിന് തടസ്സവുമില്ല. അതാണ് പോലീസിലും ആരോഗ്യ വകുപ്പിലും ഏറ്റവും കൂടുതൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

## (2) നദീതട അതോറിറ്റി രൂപീകരണം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നദികളുടെ സംരക്ഷണത്തിനായി വിവിധ സർക്കാർ വകുപ്പുകളെയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങ ളെയും ഏകോപിപ്പിക്കുന്നതിന് വേണ്ടി സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള നദീതട അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അസാധാരണമായ കാലാവസ്ഥാ മാറ്റത്തിലൂടെ കേരളം കടന്നു പോവുകയാണ്. കാലം തെറ്റിയും ക്രമം തെറ്റിയും പെയ്യുന്ന മഴ, കടുത്ത ചൂട്, അതിവർഷം ഇതായി മാറിയിരിക്കുന്നു നമ്മുടെ കാലാവസ്ഥ. കാലാവസ്ഥയുടെ ഈ തകിടം മറിച്ചിൽ കൃഷിയെയും കുടി വെള്ളത്തെയും വൈദ്യുതി ഉത്പാദനത്തെയും പ്രതികൂലമായി ബാധിച്ചിരി ക്കുകയാണ്. ഇനിയെങ്കിലും ഓരോതുള്ളി വെള്ളവും അമൂല്യമായി കരുതിയേ മതിയാകൂ. എല്ലാ ജല സ്രോതസ്സുകളും സംരക്ഷിക്കപ്പെടണം. ഇതിലേറ്റവും പ്രധാനം ജലസ്രോതസ്സായ നദികളുടെ സംരക്ഷണം ഉറപ്പു

വരുത്തുക എന്നതാണ്. 44 നദികൾ അനേകം ചെറു കൈവഴികളും തോടുകളും അരുവികളും ചേർന്ന ബൃഹത്തായ ഒരു ജല നെറ്റ് വർക്ക് തന്നെ യാണ് കേരളത്തിനുള്ളത്. കേരളത്തിൽ 365 ദിവസവും തെളിനീർ ലഭിച്ചി രുന്നത് വളരെക്കാലം മുമ്പായിരുന്നില്ല. ജലത്തിന്റെ മൂല്യം മനസ്സിലാക്കാതെ യുള്ള വിവിധ തരം പ്രവർത്തനങ്ങൾ നശീകരണ പ്രവർത്തനങ്ങളുടെ സ്വഭാവം കൈവരിച്ചു കഴിഞ്ഞു. കേരളത്തിന്റെ ജല സുരക്ഷതന്നെ അപകട ത്തിലായിരിക്കുകയും ചെയ്തിരിക്കുന്നു. സംസ്ഥാനത്ത് 44 നദികൾ ഉള്ളതു കൊണ്ട് നമുക്ക് വെള്ളവും വൈദ്യുതിയും സുലഭമാണെന്ന തെറ്റായ പാഠഭാഗങ്ങൾ പഠിച്ചു വളർന്നവരാണ് നമ്മൾ. മാത്രമല്ല ജലക്ഷാമം ഒരിക്കലും കേരളത്തിലുണ്ടാകില്ലെന്നു കരുതി 999 വർഷത്തേയ്ക്ക് തമിഴ്നാടുമായി ജലം നൽകാനുള്ള പാട്ടക്കരാർ ഒപ്പു വച്ച ഭരണാധികാരികളും ഉദ്യോഗസ്ഥരും കേരളത്തിലുണ്ടായിരുന്നു. എന്നാൽ യാഥാർത്ഥ്യമെന്ത്? 44 നദികളിൽ പലതും വറ്റി വരണ്ട് ഒഴുക്ക് നിലച്ച് മൃതപ്രായമായി കിടക്കുക യാണ്. പല നദികളിലെയും ഭൂഗർഭ ജലവിതാനം താഴേക്ക് പോയിക്കൊണ്ടിരി ക്കുന്നു. യഥാർത്ഥത്തിൽ നർമ്മദാ നദിയിലുള്ളത്രയും വെള്ളം കേരള ത്തിലെ 44 നദികളിലും കൂടിയില്ല. കേരളം വളരെക്കുറച്ച് ജലസ്രോതസ് മാത്രമുള്ള സംസ്ഥാനമാണ്. 41 നദികളും കിഴക്കുനിന്ന് ഉത്ഭവിച്ച് അറബി ക്കടലിൽ പതിക്കുകയാണ്. കേരളത്തിന്റെ ഭൂപ്രദേശത്തിന്റെ പ്രത്യേകത കൊണ്ട് ഈ നദികളിലൊന്നും വെള്ളമേറെനേരം നിൽക്കുന്നില്ല. ലഭ്യമായ ജലം രൂക്ഷമായ മലിനീകരണത്തിന് വിധേയമാകുകയാണ്. കടുത്ത വരൾച്ചയും കുടിവെള്ളക്ഷാമവും കൃഷിനാശവും നമ്മളെ കാത്തിരിക്കുക

യാണ്. ഇടനാട്ടിലെ ബഹുവിള തോട്ടങ്ങൾ, കൃഷിയിടങ്ങൾ, വയലുകൾ, തണ്ണീർത്തടങ്ങൾ, ഉൾനാടൻ കുന്നുകൾ ഇവയുടെ സംരക്ഷണവും നദികളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. തുറസ്സായ സ്ഥലങ്ങളും, കുളങ്ങളും, തോടുകളും, വയലുകളും അനേകം മരങ്ങളും, ചെടികളും വളരുന്ന ജൈവ വൈവിദ്ധ്യവും സംരക്ഷിക്കപ്പെടണം. എങ്കിലേ കേരളമെന്ന ലോലമായ ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടുകയും ജല സുരക്ഷ ഉറപ്പാകുകയും ചെയ്യുകയുള്ളൂ. ജലസുരക്ഷ ഉറപ്പാക്കിയാലേ ഭക്ഷ്യ സുരക്ഷയും ജീവിതത്തിന്റെ നിലനിൽപ്പും സാധ്യമാവുകയുള്ളൂ എന്നത് ആരെയും പഠിപ്പിക്കേണ്ട കാര്യമില്ല. ആഗോളതാപനവും, കാലാവസ്ഥാ മാറ്റവും കാലവർഷത്തിന്റെ അളവും ഗതിയും തന്നെ മാറ്റിമറിക്കുന്ന സാഹചര്യത്തിൽ ഓരോ തുള്ളി വെള്ളവും സംരക്ഷിക്കപ്പെടണം. ഓരോ സ്വാഭാവിക ജലസ്രോതസ്സും ദേശീയ സ്വത്തായി സൂക്ഷിക്കപ്പെടണം. ഇതിന്റെ ആദ്യ പടിയാണ് നദികളുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നത്. വ്യവസായ മാലിന്യങ്ങൾ, നഗര മാലിന്യങ്ങൾ, കശാപ്പുശാലകൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ, ആശുപത്രികളിൽ നിന്നുള്ള രോഗം പരത്തുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ, നദികളുടെ സമീപത്തുള്ള വീടുകളിൽ നിന്നും മറ്റ് ആവാസ വ്യവസ്ഥകളിൽ നിന്നും പുറന്തള്ളുന്ന മനുഷ്യ വിസർജ്ജ്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ, കൃഷി സ്ഥലങ്ങളിൽ നിന്നും ഒഴുകി വരുന്ന കീടനാശിനികൾ, ക്രമാതീതമായ പ്ലാസ്റ്റിക് ഉപയോഗം ഇവയെല്ലം നമ്മുടെ നദികളെ മലീമസമാക്കുകയാണ്. അനിയന്ത്രിതമായ മണൽ വാരൽ മൂലം നദികളുടെ അടിത്തട്ട് കടലിന്റെ അടിത്തട്ടിനെക്കാൾ ആഴമായിക്കൊണ്ടിരിക്കുകയാണ്. ഇത് കടലിൽ നിന്നും ഉപ്പുവെള്ളം നദിയിലേക്കൊഴുകി ജലസ്രോതസ്സുകളെയും ജലസേചന സംവി

ധാനങ്ങളെയും താറുമാറാക്കുകയാണ്. സംസ്ഥാനത്ത് നദികളുടെ അവകാശം ഏത് വകുപ്പിനാണെന്നത് പരക്കെ ചർച്ചാ വിഷയമായിരിക്കുകയാണ്. നദികളുടെ അടിത്തട്ടിലെ മണൽ റവന്യൂ വകുപ്പിന്റെതാണ്. ജലം ജലവിഭവ വകുപ്പിന്റേതാണ് മത്സ്യത്തിന്റെ കാര്യം നോക്കുന്നത് ഫിഷറീസ് വകുപ്പ്, വനം മേഖലയിൽ വനം വകുപ്പ്, അല്ലാത്തിടങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ. വിവിധ വകുപ്പുകളാണ് നദികൾക്ക് വേണ്ടിയുള്ള അവകാശവാദം ഉന്നയിക്കുന്നത്. ഒരു ഡസനിലധികം വരുന്ന വിവിധ വകുപ്പുകളുടെ ഏകോപനം അസാധ്യമാണ്. അതിനാൽ വിവിധ സർക്കാർ വകുപ്പുകളെയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളെയും ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു നദീതട അതോറിറ്റി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള നിയമം നിർമ്മിക്കണം. നിരവധി മാതൃകകൾ നമ്മുടെ നാട്ടിലുണ്ട്. നദികളുടെ അടിത്തട്ടിലെ മണലിന്റെ അളവ്, അതിൽനിന്നും എത്രമാത്രം മണൽ വാരുന്നതിന് അനുമതി കൊടുക്കാം എന്നതിനെക്കുറിച്ചൊക്കെയുള്ള വിശകലനം, അമ്യൂസ്മെന്റ് പാർക്ക് പോലുള്ളവയ്ക്ക് വേണ്ടിയെടുക്കുന്ന വെള്ളത്തിന്റെ അളവ് തുടങ്ങിയവ നിരീക്ഷിക്കുന്നതിന് വേണ്ടിയുള്ള സംവിധാനം എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്. ലോകത്തിലാദ്യത്തെ നദീ സംരക്ഷണ നിയമം തെംസ് റിവർ അതോറിറ്റി ബിൽ 1973-ൽ പാസ്സായി. രാജീവ് ഗാന്ധി മുൻകൈയെടുത്തു കൊണ്ടാണ് 1986 ൽ ഗംഗാ റിവർ അതോറിറ്റിയും രൂപീകരിക്കപ്പെട്ടത്. ഇതൊക്കെ നമ്മുടെ മുന്നിൽ മാതൃകയായുണ്ട്. കേരളം ഇനിയും ബഹുദൂരം ഇക്കാര്യത്തിൽ ശ്രദ്ധിക്കാതിരുന്നാൽ അതിവേഗം നമ്മുടെ നദികൾ ഇല്ലാതായി മാറും. അതുകൊണ്ട് അതിവേഗം

ബഹുദൂരമെന്ന ആശയവുമായി മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട മുഖ്യ മന്ത്രി അങ്ങയുടെ ഗവൺമെന്റ് കേരളത്തിലെ നദികൾ സംരക്ഷിക്കുന്നതിന് വേണ്ടി സറ്റാറ്റ്യൂട്ടറി അധികാരമുള്ളൊരു നദീതട അതോറിറ്റി രൂപീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

## നദീതട അതോറിറ്റി രൂപീകരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച പ്രശ്നം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള കാര്യമാണ്. നമ്മൾ അഭിമാനിക്കുകയല്ല, അഹങ്കരിക്കുക കൂടി ചെയ്തിട്ടുണ്ട്. നമുക്ക് 44 നദികളുണ്ട്, ഏറ്റവും കൂടുതൽ മഴ കിട്ടുന്ന സംസ്ഥാനമാണ്, ഇഷ്ടം പോലെ വെള്ളം, വെള്ളത്തിൽ നിന്നും ഇഷ്ടം പോലെ വൈദ്യുതി, ഇക്കാര്യങ്ങളിൽ നമ്മൾ വളരെയധികം അഭിമാനിക്കു കയും അഹങ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് സ്ഥിതിയാകെ മാറിയിരിക്കു കയാണ്. നദികളിലെ ജലനിരപ്പ് താഴ്ന്നു പോയിരിക്കുന്നു, അതിലുപരി നദികൾ മലിനപ്പെട്ടിരിക്കുന്നു. മാലിന്യങ്ങളുടെ ഒരു ശവപ്പറമ്പായി മാറത്തക്ക വിധത്തിൽ പല നദികളും ഇന്ന് വളരെയേറെ ഭീഷണിയെ നേരിടുന്നു. അതു കൊണ്ട് നദീതടസംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്. അതിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. നമ്മുടെ സാമ്പത്തിക വ്യവസായിക വികസനത്തിന് വിപരീത അനുപാതത്തിലാണ് പ്രകൃതിദത്ത ജലവിഭവ സംരക്ഷണം എന്നത് തികച്ചും ആശങ്കാജനകമായ കാര്യമാണ്. മറ്റു പല കാര്യങ്ങളിലും പാശ്ചാത്യരാജ്യങ്ങളെ അനുകരിക്കു ന്നതിൽ സമൂഹം കാണിക്കാറുള്ള വ്യഗ്രത നദി സംരക്ഷണത്തിൽ കാണാൻ

സാധിച്ചിട്ടില്ല. നദികളുടെയും തണ്ണീർത്തടങ്ങളുടെയും ദു:സ്ഥിതി പരിഗണിച്ച് സംസ്ഥാന റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റിയും വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡും രൂപീകരിക്കാനും നദികളെ ബാധിക്കുന്ന പദ്ധതി കൾ നടപ്പിലാക്കുമ്പോൾ പാരിസ്ഥിതിക പരിഗണനകൾ നൽകാനും ഉദ്ദേശിച്ച് 2011-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ഈ ഓർഡിനൻസ് ഇപ്പോൾ ലാപ്സായി. പാരിസ്ഥിതിക വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം പാർലമെന്റിനാണ്. എന്നാൽ ജലവിഭവ വിഷയങ്ങളിൽ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. പാരിസ്ഥിതിക വിഷയമല്ലാത്ത ഒരു നിയമ ത്തിൽ നദികളുടെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക ജൈവ വ്യവസ്ഥ സംരക്ഷണം ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള ചില നിയമപ്രശ്നങ്ങൾ ഇപ്പോൾ നിയമ വകുപ്പുമായി ആലോചിച്ച് കൊണ്ടിരി ക്കുകയാണ്. അതിന്റെ സാധ്യതകൾ ഗവൺമെന്റ് ആരാഞ്ഞുകൊണ്ടിരിക്കുക യാണ്. നിയന്ത്രണങ്ങളില്ലാതെയുള്ള മണൽ വാരലാണ് നമ്മുടെ നദികൾ നേരിടുന്ന ഏറ്റവും വലിയ ഭീഷണി. അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി യപ്പോൾ, നിയമവിരുദ്ധമായ വിധത്തിലുള്ള മണൽ വാരൽ ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നായി. പല സ്ഥലങ്ങളിലും ഗുണ്ടാ പ്രവർത്തനങ്ങളും പല മാഫിയകളും അഴിമതിയുമെല്ലാം മണൽ വാരലുമായി ചുറ്റിപ്പറ്റിയാണ്. മണൽ വാരൽ നദികളുടെ ഭാവിയെ സംബന്ധി ച്ചിടത്തോളം ഒരു ഭീഷണിയായി നിലനിൽക്കുകയാണ്. ഈ സാഹചര്യ ത്തിൽ നദികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നിയമ നടപടികൾസ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ

ഇവിടെ പറഞ്ഞതുപോലുള്ള അതോറിറ്റിയാണോ അതോ നേരത്തെ കൊണ്ടു വന്നതുപോലുള്ള വെറ്റ്ലാന്റ് ബോർഡും റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റിയും എന്നുള്ളതാണോ എന്നതുസംബന്ധിച്ച് ആലോചിച്ച് നമുക്ക് തീരുമാനിക്കാം. ഈ ഗുരുതരമായ ഭീഷണിയെ നേരിടാൻ നിയമം മാത്രം പോരാ, ഈ സമൂഹം തന്നെ ഒന്നാകെ ഇതുപോലുള്ള പാരിസ്ഥിതിക പ്രശ്ന ങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് യോജിച്ച് പ്രവർത്തിച്ചേ മതിയാകൂ. നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് അതിൽ ഒരു വലിയ പങ്ക് വഹിക്കാനുണ്ട്. നിയമപ്രകാരംതന്നെ പാരിസ്ഥിതിക സംരക്ഷണം അഥവാ പ്രൈമറി എൻവയോൺമെന്റ് കെയറിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം ഉണ്ടായേ മതിയാകൂ. അതുകൊണ്ട് ഗ്രാമപഞ്ചായത്ത് മുതൽ എല്ലാ വിഭാഗ ങ്ങളുടെയും സഹകരണത്തോടു കൂടി നദീതട സംരക്ഷണത്തിനും പരി സ്ഥിതി സംരക്ഷണത്തിനും വേണ്ടിയിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. നിയമനിർമ്മാണണം ഇപ്പോൾ തന്നെ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശം കൂടി അക്കൂട്ടത്തിൽ പരിഗണിക്കുന്നതാണ് എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്ത് 9 വകുപ്പുകളാണ് ഈ നദികളുമായി ബന്ധപ്പെട്ട കാര്യത്തിൽ ദൈനംദിനമായി ഇടപെടുന്നത്. ഇതെല്ലാം കൂടി പരിഗണിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു റിവർ അതോറിറ്റി രൂപീകരിക്കണമെന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി തന്നെ ഐകകണ്ഠ്യേന തീരുമാനമെടുക്കുകയാണ്ടായി. ഗംഗാ റിവർ അതോറിറ്റി നമ്മുടെ മുന്നിൽ ഒരു മാതൃകയാണ്. ഇതിനുവേണ്ടി കോടി

ക്കണക്കിന് രൂപയുടെ ഫണ്ട് കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ട്. അതുകൊണ്ട് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ഐകകണ്ഠ്യേന ശുപാർശ ചെയ്തതു പോലെയുള്ള ഒരു സ്റ്റാറ്റ്യൂട്ടറി പവറുള്ള നദീതട സംരക്ഷണ അതോറിറ്റി തന്നെ രൂപീകരിക്കുമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് ഉറച്ച നിലപാട് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പുതിയ നിയമനിർമ്മാണത്തിനുള്ള നടപടികൾ 2011-ൽ തന്നെ ആരംഭിച്ചുകഴിഞ്ഞു. പക്ഷേ ആ ഓർഡിനൻസ് ലാപ്സായിപ്പോയി. ഇനി പുതിയ നിയമത്തെക്കുറിച്ച് ആലോചിക്കുകയാണ്. ആ സമയത്ത് ബഹുമാനപ്പെട്ട മെമ്പർ ഇവിടെപ്പറഞ്ഞ അതോറിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്. നദികളായാലും മറ്റ് ജലാശയങ്ങളായാലും നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതാണ് . പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹായത്തോടെ 1000 കുളങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഇപ്പോൾ കൃഷി വകുപ്പ് ഒരു സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെയുള്ളവരുടെ സഹകരണത്തോടു കൂടി വിപുലമായ ഒരു പരിപാടിക്കാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശവും നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ പരിഗണിക്കും.